**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1560** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തരൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരിക്കുന്നതിനായി 2025-26 വർഷത്തെ ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തി കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിസ്ഥല വികസന പ്രവൃത്തിക്കായി 15.01.2025 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.18/2025/S&YA പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി ആരംഭിച്ച് കോമ്പൗണ്ട് വാൾ, എർത്ത് കട്ടിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കണമെങ്കിൽ ഗ്രൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ആയതിനായി പഞ്ചായത്ത് അധികൃതർ കെ.എസ്.ഇ.ബി-യുമായി ചേർന്ന് നടപടി സ്വീകരിയ്ക്കുന്നുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**